**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **311** **24/06/2013-ൽ** മറുപടിക്ക്

**അധികാരദുർവിനിയോഗത്തിന്റെ പേരിൽ ലോകായുക്ത എടുത്ത കേസുകൾ**

| ചോദ്യം | മറുപടി. |
|---|---|
| ശ്രീ. ബി. സത്യൻ:<br>" പി. കെ. ഗുരുദാസൻ:<br>" പി.ശ്രീരാമകൃഷ്ണൻ:<br>" ജെയിംസ് മാത്യു: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഭരണരംഗത്തുള്ളവരുടെ അധികാര ദുർവിനിയോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | എ) ഭരണരംഗത്തുള്ളവരുടെ അധികാര ദുർവിനിയോഗവുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) അധികാര ദുർവിനിയോഗത്തിന്റെ പേരിൽ ലോകായുക്ത എടുത്ത കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) കേസുകളിൽ പരാതി സംബന്ധിച്ച വിവരം ലോകായുക്ത നിയമപ്രകാരം സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ട്. |
| സി) ഈ സർക്കാരിന്റെ കാലത്ത് അധികാര ദുർവിനിയോഗത്തിന്റെയും മറ്റും പേരിൽ ലോകായുക്ത എടുത്ത കേസുകളേയും അതിൽ ഏതെല്ലാം മന്ത്രിമാർ ഉൾപ്പെട്ടിട്ടുണ്ട് എന്നതിന്റേയും വിശദാംശം നൽകുമോ? | സി) 2011-ൽ 2779 ഉം 2012-ൽ 2299 ഉം 2013 മേയ് 30 വരെ 663 ഉം പരാതികൾ ഉൾപ്പെടെ ആകെ 5741 കേസുകൾ കേരള ലോകായുക്തയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4580 കേസുകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഈ കാലയളവിലെ 1161 കേസുകൾ ഇനി തീർപ്പ് കൽപ്പിക്കാനുണ്ട്. ബഹു. ആരോഗ്യ വകുപ്പ് മന്ത്രി എതിർകക്ഷിയായി നാലു കേസുകളും, ബഹു. ജലസേചന വകുപ്പ് മന്ത്രി എതിർകക്ഷിയായി ഒരു കേസും, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി എതിർകക്ഷിയായി ഒരു കേസും, ബഹു. നഗര വികസന ആസൂത്രണ വകുപ്പ് മന്ത്രി എതിർകക്ഷിയായി രണ്ടു കേസുകളും, ബഹു. സഹകരണ വകുപ്പ് മന്ത്രി എതിർകക്ഷിയായി ഒരു കേസും, ബഹു. മുൻ വനം വകുപ്പ് മന്ത്രി എതിർകക്ഷിയായി ഒരു കേസും നിലവിലുണ്ട്. കേസ്സുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ബഹു: മന്ത്രിമാർ എതിർകക്ഷികളായി ലോകായുക്ത മുമ്പാകെ ഫയൽ ചെയ്യപ്പെട്ട പരാതികളുടെ വിശദവിവരം

**ഇതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉൾപ്പെടെ എതിർകക്ഷിയായി രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ഉള്ളതുമായ പരാതികൾ ഇവയാണ്.**

1. കേസ് നമ്പർ :- 428/13 എ

പരാതിക്കാരൻ :- ഡോ: ഗോവിന്ദരു

പരാതി സംഗതി :- C DIT – ൽ നിയമവിരുദ്ധമായി പ്രമോഷൻ നടത്തിയെന്നും ശ്രീ. കെ. എം. ഷാജഹാൻ എന്ന വ്യക്തിയെ CDIT -ന്റെ സയന്റിസ്റ്റ് സ്ഥാനത്ത് നിന്നും മാറ്റണമെന്നുള്ള ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- കേസ് ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നിലയിലാണ്.

2. കേസ് നമ്പർ :- 2194/12 എ

പരാതിക്കാരൻ :- എം. കൃഷ്ണൻ നായർ

പരാതി സംഗതി :- നിയമവിരുദ്ധമായി ശ്രീ. വിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജ് സ്ഥാപിച്ചു എന്നതും ധനം ദുരുപയോഗം ചെയ്തു എന്നുമുള്ള ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- കേസ് ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നിലയിലാണ്.

3. കേസ് നമ്പർ :- 1389/12 എ)

പരാതിക്കാരൻ :- ശ്രീ.ഗിരീഷ് കുമാർ

പരാതി സംഗതി :- റീജിണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരത്തെ നഴ്സിങ് സൂപ്രണ്ട് ആയ ഫ്ളവർ അഗസ്റ്റ്യന് അനധികൃതമായി സ്വത്ത് സമ്പാദനത്തിന് സഹായിച്ചുവെന്ന് ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- കേസ് കക്ഷികളെ വിസ്താരിക്കുന്ന അവസ്ഥയിലാണ്.

4. കേസ് നമ്പർ :- 28/12 സി

പരാതിക്കാരൻ :- ശ്രീ.ജി.എസ്.രാജീവ്,

ശ്രീ.പി.എസ്.നാരായണൻ നായർ

ശ്രീ. ഡോ.കെ.ആർ.അജീന്ദ്ര നാഥ്

പരാതി സംഗതി :- നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനം മുടങ്ങിയതും അതിൻമേൽ നടപടി സ്വീകരിക്കാത്തതും സംബന്ധിച്ചുള്ള ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- എതിർകക്ഷികളുടെ കാര്യ വിവര പത്രികയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

**ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ.വി.എസ്.ശിവകുമാർ ഉൾപ്പെടെ എതിർകക്ഷിയായി രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ഉള്ളതുമായ പരാതികൾ ഇവയാണ്.**

1. കേസ് നമ്പർ :- 460/13 എ)

പരാതിക്കാരൻ :- സത്യശീലൻ നെയ്യാറ്റിൻകര

പരാതി സംഗതി :- പാറശാല ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസിക്ക് നെയ്യാറ്റിൻകര ജില്ലാ ആശുപത്രി വക ഭൂമി നൽകി എന്ന ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- കേസ് ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നിലയിലാണ്.

2. കേസ് നമ്പർ 1389/12 എ)

പരാതിക്കാരൻ :- ശ്രീ.ഗിരീഷ് കുമാർ

പരാതി സംഗതി :- റീജിണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരത്തെ നഴ്സിങ് സൂപ്രണ്ട് ആയ ഫ്ളവർ അഗസ്റ്റ്യന് അനധികൃതമായി സ്വത്ത് സമ്പാദനത്തിന് സഹായിച്ചുവെന്ന് ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- കേസ് കക്ഷികളെ വിസ്തരിക്കുന്ന അവസ്ഥയിലാണ്.

3. കേസ് നമ്പർ :- 628/13 സി

പരാതിക്കാരൻ :- ശ്രീ. ജോയി കൈതാരത്ത്

പരാതി സംഗതി :- 2012-13 അദ്ധ്യായന വർഷത്തിൽ കണ്ണൂർ മെഡിക്കൽ കോളേജിലും കരുണ മെഡിക്കൽ കോളേജിലും നടന്ന എം.ബി..ബി..എസ്സ്. പ്രവേശനം സംബന്ധിച്ചുള്ള ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- കേസ് ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നിലയിലാണ്.

4. കേസ് നമ്പർ :- 2206/12 ബി

പരാതിക്കാരൻ :- മുണ്ടേല.പി.ബഷീർ

പരാതി സംഗതി :- പൊതുജന ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനത്തിന് യോഗ്യമായ മാനദണ്ഡങ്ങൾ പ്രഖ്യാപിക്കുന്നതിന് വിദഗ്ധ സമിതിയെ നിയമിക്കണമെന്നുമറ്റുമുള്ള ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- എതിർകക്ഷികളുടെ കാര്യ വിവര പത്രികയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

**ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രി ശ്രീ.പി.ജെ.ജോസഫ് ഉൾപ്പെടെ എതിർകക്ഷിയായി രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ഉള്ളതുമായ പരാതി.**

1. കേസ് നമ്പർ :- 1089/12 എ

പരാതിക്കാരൻ :- പി.എൽ.ജേക്കബ്

പരാതി സംഗതി :- മൈത്രി ഭവന നിർമ്മാണ പദ്ധതി നടപ്പാക്കിയതിൽ ക്രമക്കേടുകൾ ഉണ്ട് എന്ന ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- എതിർകക്ഷികളുടെ കാര്യ വിവര പത്രികയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

**ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ.അബ്ദുൾ റബ് ഉൾപ്പെടെ എതിർകക്ഷിയായി രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ഉള്ളതുമായ പരാതി.**

1. കേസ് നമ്പർ :- 1799/12 സി

പരാതിക്കാരൻ :- ബെൻ ഡാർവിൻ.എസ്.കെ

പരാതി സംഗതി :- കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിലേക്കുള്ള നിയമനത്തിൽ അഴിമതിയും സ്വജന പക്ഷപാതവും നടന്നു എന്ന ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- എതിർകക്ഷികളുടെ കാര്യ വിവര പത്രികയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

**ബഹുമാനപ്പെട്ട നഗരവികസന വകുപ്പ് മന്ത്രി ശ്രീ.മഞ്ഞളാം കുഴി അലി ഉൾപ്പെടെ എതിർകക്ഷിയായി രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ഉള്ളതുമായ പരാതികൾ ഇവയാണ്.**

1. കേസ് നമ്പർ :- 1799/12 സി

പരാതിക്കാരൻ :- ബെൻ ഡാർവിൻ.എസ്.കെ

പരാതി സംഗതി :- കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിലേക്കുള്ള നിയമനത്തിൽ അഴിമതിയും സ്വജന പക്ഷ പാദവും നടന്നു എന്ന ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- എതിർകക്ഷികളുടെ കാര്യ വിവര പത്രികയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

2. കേസ് നമ്പർ :- 28/12 സി

പരാതിക്കാരൻ :- ശ്രീ.ജി.എസ്.രാജീവ്,
ശ്രീ.പി.എസ്.നാരായണൻ നായർ
ശ്രീ. ഡോ.കെ.ആർ.അജീന്ദ്ര നാഥ്

പരാതി സംഗതി :- നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനം മുടങ്ങിയതും അതിൻമേൽ നടപടി സ്വീകരിക്കാത്തതും സംബന്ധിച്ചുള്ള ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- എതിർകക്ഷികളുടെ കാര്യ വിവര പത്രികയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

**ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ശ്രീ.സി.എൻ.ബാലകൃഷ്ണൻ ഉൾപ്പെടെ എതിർകക്ഷിയായി രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ഉള്ളതുമായ പരാതി.**

കേസ് നമ്പർ :- 925/12 സി

പരാതിക്കാരൻ :- സി..ആന്റണി

പരാതി സംഗതി :- ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ നിന്നും എടുത്ത ലോൺ കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ചുള്ള ആക്ഷേപം

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- എതിർകക്ഷികളുടെ കാര്യ വിവര പത്രികയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

**ബഹുമാനപ്പെട്ട മുൻ വനം വകുപ്പ് മന്ത്രി ശ്രീ.ഗണേഷ് കുമാർ ഉൾപ്പെടെ എതിർകക്ഷിയായി രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ഉള്ളതുമായ പരാതി.**

കേസ് നമ്പർ :- 1555/11 സി

പരാതിക്കാരൻ :- കെ. വിജയകുമാർ

പരാതി സംഗതി :- മണ്ണാർക്കാട് വനം ഡിവിഷന്റെ കീഴിലുള്ള മെഴുകുപാറ ഗ്രാമത്ത് വന ഭൂമി അന്യാധീനപ്പെടുത്തിയത് സംബന്ധിച്ചുള്ള ആക്ഷേപം.

കേസിന്റെ ഇപ്പോഴത്തെ അവസ്ഥ :- വിചാരണക്കായി മാറ്റിവെച്ചിരിക്കുന്നു.

Jae. C. Kathirantal
സെക്ഷൻ ഓഫീസർ